**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1430** **19-09-2025 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ട്; പദ്ധതികളുടെ വിശദാംശം നൽകാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ തളിപ്പറമ്പ് മണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി അനുവദിച്ച ആകെ തുക ₹ 15,74,15,063/- ആണ്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• **മുല്ലക്കൊടി പാർക്ക് വേ അറ്റ് പറശ്ശിനി വേവ്സ്-** ഭരണാനുമതി തുക: 4,90,15,063/-. നിർവഹണ ഏജൻസി FIT ആണ്. പദ്ധതിക്ക് CRZ ക്ലിയറൻസ് ലഭിച്ച് - പ്രവൃത്തി പുരോഗമിച്ചുവരുന്നു.<br>• **റോഡ് സൈഡ് ബ്യൂട്ടിഫിക്കേഷൻ പറശ്ശിനിക്കടവ് -** ഭരണാനുമതി തുക: 2,84,00,000/-. നിർവഹണ ഏജൻസി ULCCS ആണ്. പദ്ധതി ആരംഭിക്കുന്നതിനായി ടി പ്രദേശത്ത് കിയോസ്കുകൾ മാറ്റുന്നതിനായി മുൻസിപാലിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് മാറ്റുന്ന മുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.<br>• **വെള്ളിക്കീൽ ഇക്കോ പാർക്ക്** ഭരണാനുമതി തുക :8,00,00,000/-. നിർവഹണ ഏജൻസി ഹാബിറ്റാറ്റാണ്. ടി പ്രവൃത്തിക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം സാങ്കേതിക അനുമതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കാലയളവിൽ തളിപ്പറമ്പ് മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; വിശദാംശം നൽകാമോ? | (ബി) | ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് നാല് ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ഇപ്പോൾ പൂർത്തീകരിച്ച പദ്ധതികൾ ഉപയോഗപ്പെടുത്തി നിരവധി സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ബോട്ട് ടെർമിനലുകൾ കേന്ദ്രീകരിച്ച് ബോട്ടുകളുടെ യാത്രാ പാക്കേജും ഫ്ലോട്ടിംഗ് റസ്റ്റോറന്റും പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| | | | ഇവിടെ നേരിട്ടും പരോക്ഷമായും നൂറുകണക്കിന് തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ